## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് - വിവിധ ഗുണഭോക്തൃ സമിതികളുടെ 2008-2009 ന് മുമ്പുള്ള വൈദ്യുതി കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.855/2020/തസ്വഭവ — തിരുവനന്തപുരം, തീയതി, 11/05/2020

---

പരാമർശം:- വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12/03/2020 ലെ VPZ-GP/AI.5125/19(1) നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ വിവിധ ഗുണഭോക്തൃ സമിതികൾ നടത്തി വരുന്ന വിവിധ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിനു മുമ്പുള്ള വൈദ്യുതി കുടിശ്ശിക ഇനത്തിൽ അടവാക്കേണ്ട തുക സമയബന്ധിതമായി അടവാക്കാത്തതിനാൽ പഞ്ചായത്തിന് ജപ്തി നോട്ടീസ് ലഭ്യമാകുകയും, ബഹു. വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ജനകീയ വൈദ്യുതി അദാലത്തിലെ തീരുമാനത്തിന് വിധേയമായി ഒറ്റത്തവണയായി ഇലക്ട്രിസിറ്റി ചാർജ്ജ് 12,51,184/- രൂപയും, ആയതിന്റെ 7.5% കളക്ഷൻ ചാർജ്ജും, 80/- രൂപ ഡി.എൽ.എഫ് ചാർജ്ജും ഉൾപ്പെടെ 13,45,103/- രൂപ 31/03/2020 തീയതിയ്ക്കകം അടവാക്കണമെന്ന് അറിയിപ്പ് ലഭിച്ചിരുന്നു. പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും കെ.എസ്.ഇ.ബി യിൽ അടവാക്കുന്നതിനും അനുവാദം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം അടവാക്കേണ്ട 13,45,103/- (പതിമൂന്ന് ലക്ഷത്തി നാൽപത്തി അയ്യായിരത്തി ഒരുനൂറ്റി മൂന്ന് രൂപ മാത്രം) രൂപ തനത് ഫണ്ടിൽ വകയിരുത്തി അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

അനിൽ കുമാർ ജി,

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്, പാലക്കാട്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ